മിസ്റ്റർ പി. എം. മുഹമ്മദ് അഷ്റഫ്: ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രി നൽകിയ മറുപടികൊണ്ട് ഞാൻ തൃപ്തിപ്പെടുകയും പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയും ചെയ്തുകൊള്ളുന്നു.

Resolution, by leave, withdrawn

(iii) Cancellation of licenses issued to coffee clubs, Hotels, Barbar Shops, etc., which are not open to all classes.

മിസ്റ്റർ കെ. കെ. കണ്ണൻ: "എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിക്കാത്ത കാപ്പി ക്ലബ്ബുകൾ, ഹോട്ടലുകൾ, ബാർബർ ഷാപ്പുകൾ എന്നിവകളുടെ ലൈസൻസുകൾ ഉടൻ റദ്ദ് ചെയ്യണമെന്നു് ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു് ശുപാർശ ചെയ്യുന്നു."

സർ, ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു് വാസ്തവത്തിൽ ഈ രാജ്യത്തു് നിലനിന്നു വരുന്നതായ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇല്ലായ്മചെയ്തു് ഒരു പുതിയ സമുദായക്രമം സൃഷ്ടിക്കുന്നതിനുള്ള പരിപാവനമായ ഉദ്ദേശത്തോടുകൂടിയാണു്. മറ്റുവിധത്തിൽ പറയുകയാണെങ്കിൽ, ജാതി നശിപ്പിച്ചു് നമ്മുടെ ഈ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി എല്ലാ ജനവിഭാഗങ്ങളേയും ഒരുമിച്ചണിനിരത്തി, സൃഷ്ടിപരമായ പരിപാടികൾവെച്ചുകൊണ്ടു് പ്രവർത്തിക്കുക എന്ന സദുദ്ദേശത്തോടുകൂടിയാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. വാസ്തവത്തിൽ പട്ടണങ്ങളിൽ എല്ലാവർക്കും പ്രവേശനം ഇല്ലാത്ത കാപ്പി ക്ലബ്ബുകളും, ഹോട്ടലുകളും, ബാർബർ ഷാപ്പുകളും കാണുകയില്ലെങ്കിലും ഗ്രാമങ്ങളിൽ നമ്മുടെ അനുഭവംവെച്ചു നോക്കുകയാണെങ്കിൽ അധഃകൃതർ, മറ്റവശ സമുദായങ്ങൾ മുതലായ വിഭാഗങ്ങൾക്കു് പ്രവേശിക്കുവാൻ അർഹതയില്ലാത്ത കാപ്പി ക്ലബ്ബുകളും, ഹോട്ടലുകളും ബാർബർ ഷാപ്പുകളും ധാരാളം കാണാൻ നമുക്കു് കഴിയും. ഇതു് വളരെ വിഷമമുള്ള ഒരു സംഗതിയാണെന്നു പറയാതെ തരമില്ല. ഒരു കാപ്പിക്കടയിൽ ഒരു പുലയനു സാധാരണയായി മറ്റുള്ളവർ ഇരിക്കുന്ന സ്ഥലത്തു് കയറിയിരുന്നു് കാപ്പി കുടിക്കുവാൻ സാധിക്കുകയില്ലെന്നു വരുന്നതു് എത്ര അപമാനകരമായിട്ടുള്ള സംഗതിയാണെന്നു് ആലോചിച്ചു നോക്കണം! ഇങ്ങിനെ അവശസമുദായങ്ങളിൽപ്പെട്ട വ്യക്തികൾക്കു് ഗ്രാമങ്ങളിൽ, കാപ്പിക്കടകളിലും ബാർബർ ഷാപ്പുകളിലും മറ്റും പ്രവേശനം ലഭിക്കാതെ അവർ വളരെ ബുദ്ധിമുട്ടുന്നുണ്ടു്. അതു് അവർക്കു ജീവിക്കുന്നതിനു അസൌകര്യം നേരിടുക മാത്രമല്ല; അവരുടെ പൌരസ്വാതന്ത്ര്യത്തെ നിഹനിക്കുക കൂടി ചെയ്യുന്ന അവരെ അപമാനിക്കുകകൂടി ചെയ്യുന്ന ഒരു ദുഷിച്ച സമുദായക്രമമാണെന്നു് പറയാതെ നിവൃത്തിയില്ല. ഇതു് തേച്ചു മാച്ചു കളയേണ്ടതാരം ഇന്നത്തെ നമ്മുടെ ഗവൺമെണ്ടിനുണ്ടു്. ക്ഷേത്രപ്രവേശനംപോലെതന്നെ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു സംഗതിയാണു് ഇതെന്നു് പറയാതെ തരമില്ല. ക്ഷേത്രപ്രവേശനം ഉടനെ നടപ്പിൽ വരുമെന്നാണു് ഞങ്ങളുടെ പ്രതീക്ഷ. അതുപോലെ ഇതും വളരെ വേഗം നടപ്പിൽ വരുത്തേണ്ട കാര്യമാണു്. നമ്മുടെ ഗവൺമെണ്ടു് ജനകീയ താല്പര്യങ്ങൾക്കു് വേണ്ടി നിലകൊള്ളുന്ന ഒരു ഗവൺമെണ്ടാണെന്നു് എനിക്കു് അഭിമാനിക്കാനും വിശ്വസിക്കുവാനും സാധിക്കുന്നുണ്ടു്. ജനകീയമായ അടിസ്ഥാനത്തിന്മേൽ ഈ രാജ്യത്തെ ഭരണകൂടം മുന്നോട്ടു പോകുമ്പോൾ ഇതുപോലെയുള്ള അനാചാരങ്ങളേയും അസ്വാതന്ത്ര്യങ്ങളേയും നിലനിർത്തി പോരാൻ നമ്മൾ ഒരിക്കലും സമ്മതിച്ചുകൊടുക്കാൻ പാടില്ലെന്നുള്ളതാണു് എനിക്കു ബഹുമാനപ്പെട്ട സഭയെ അറിയിക്കാനുള്ളതു്. കാപ്പിക്കടകളിലും ബാർബർ ഷാപ്പുകളിലും അതുപോലെയുള്ള പൊതുസ്ഥലങ്ങളിലും എല്ലാ ജാതിക്കാർക്കും പ്രവേശനം ലഭിക്കുക എന്നുള്ളതു് ഒരു പൌരസ്വാതന്ത്ര്യമാണു്. അങ്ങിനെ എല്ലാ സമുദായങ്ങളുടേയും പുരോഗമനത്തിനു് പ്രതിബന്ധമായിട്ടുള്ള ഏതൊരു സാമൂഹ്യ സ്ഥിതിയേയും ഏതൊരനുഷ്ഠാനത്തേയും മാറ്റുന്നതിനുള്ള കെല്പു് നമ്മുടെ ഗവൺമെണ്ടിനുണ്ടോ കണം. അതുണ്ടെന്നു് പൂർണ്ണമായി ഞങ്ങൾ വിശ്വസിക്കുന്നു. പ്രത്യേകിച്ചു്, ജാതിക്ക എതിരായി ഇരുപതിരുപത്തഞ്ചുകൊല്ലത്തോളം തന്റെ സർവ്വവിധ ജീവിതസുഖങ്ങളും ബലികഴിച്ചുകൊണ്ടു പ്രവൃത്തിച്ചു പോന്നിട്ടുള്ളതും, ഇപ്പോഴും പ്രവർത്തിച്ചുപോരുന്നതുമായ ഒരു വ്യക്തിയാണു് ഇന്നത്തെ മന്ത്രിയായി പരിലസിക്കുന്ന റാവു സാഹിബു് കെ. അയ്യപ്പൻ. അതുപോലെതന്നെ ഇന്നത്തെ കാബിനറ്റിൽ മിസ്റ്റർ പനമ്പിള്ളിയെപ്പോലെയുള്ള ധീരകേസരികളായ മന്ത്രിമാർ ഉള്ളപ്പോൾ തിരുവായിട്ടും നമുക്കു വിശ്വസിക്കാൻ സാധിക്കുംപോലെയല്ല. മദ്യവർജ്ജനം ഉടനെ നടത്തണമെന്നുള്ളതാണു് ഗവൺമെണ്ടു് കാണുന്ന പ്രായോ

LIBRARY ARCHIVES Kerala Legislative Assembly

ഗികമായിട്ടുള്ള ഒരു വിഷമം. മദ്യവർജ്ജനം നടപ്പാക്കുന്നതിൽ ഗവൺമെണ്ടിന്നു യാതൊരു വിഷമവും ഇല്ല എന്നു പറഞ്ഞുകഴിഞ്ഞു. കുറച്ചുസമയംകൂടി കിട്ടണമെന്നുള്ളതു മാത്രമാണു് അതിൽ കാണുന്ന ഒരു വിഷമം. ഇതു് അതുപോലെ അല്ലെന്നാണു് എനിക്കു തോന്നുന്നതു്. ഇതാണു് അതിന്റെ പരമാർത്ഥം. അതിൽ ഉള്ള പ്രയാസം ഇതിൽ ഇല്ലെന്നു് എനിക്കു പൂർണ്ണമായി അറിയാവുന്നതാണു്. ഇതിനെ സംബന്ധിച്ചു അധികമൊന്നും സംസാരിക്കേണ്ട ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. ഇതു് എല്ലാവരും അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

മിസ്റ്റർ എം. കെ. രാജാ: സർ, എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീമാൻ കണ്ണൻ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. സർ, അമ്പതാറു ചരിത്രാതീതത്തോടു് ആരംഭിച്ചു ഏതാണ്ടു് ഒരു ലജ്ജാഭാരത്തോടുംകൂടിയാണു് ഇന്നു ഈ പ്രമേയത്തെസംബന്ധിച്ചു് രണ്ടു വാക്കു ഞാൻ സംസാരിക്കാൻ ഒരുമ്പെടുന്നതു്. നമ്മുടെ നാട്ടിലെ വമ്പിച്ച ഒരു ജനവിഭാഗത്തിന്റെ അവകാശങ്ങളേയും അന്തസ്സിനേയും തന്നെ സാരമായി സ്പർശിക്കുന്ന ഈ സർവ്വപ്രധാനമായ പ്രശ്നത്തെസംബന്ധിച്ചു് സംസാരിക്കാൻ ഇടവന്നതിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു; അതിൽ സന്തോഷംകൊള്ളുകയും ചെയ്യുന്നു. പക്ഷെ, ഇതിലും പ്രധാനമായ ഒരു കാര്യത്തെ സംബന്ധിച്ചു ഈ നിയമസഭയിൽ തുടരെത്തുടരെയായി പ്രമേയങ്ങൾ അവതരിപ്പിച്ചാൽമാത്രമെ ഈ കാര്യത്തിൽ നിവാരണം കാണുവാൻ നമുക്കു സാധിക്കുന്നുള്ളു എന്നുള്ളതു് തീർച്ചയായും ഈ നിയമസഭയ്ക്കുതന്നെ ലജ്ജാകരമായ വസ്തുതയാണെന്നു എനിക്കു പലപ്പോഴും തോന്നിപ്പോകാറുണ്ടു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ, ഈ നിയമസഭയിൽതന്നെ ഒന്നു രണ്ടു സമ്മേളനത്തിനു മുമ്പു ഇതേ വിഷയത്തോടു് ഏതാണ്ടു തുല്യമായ വിഷയത്തെസംബന്ധിച്ചു ഒന്നു രണ്ടു പ്രമേയങ്ങൾ ആലോചനക്കു വരുകയുണ്ടായി. അന്നു നടന്ന നടപടികളിൽനിന്നും, അന്നത്തെ ഗവൺമെണ്ടിന്റെ പ്രതിനിധികൾ ഈ കാര്യത്തിൽ എടുത്ത നിലയിൽനിന്നും ഒരു കാര്യം വ്യക്തമായി മനസ്സിലാക്കുവാൻ സാധിച്ചു. നിർഭാഗ്യവശാൽ, ഇന്നും നമ്മുടെ നാട്ടുപുറങ്ങളിലും നഗരങ്ങളിലും അങ്ങിങ്ങായി അവശേഷിച്ചിട്ടുള്ള സവർണ്ണഹിന്ദു യാഥാസ്ഥിതിക വർഗ്ഗത്തിന്റെ ഏജന്മവികാരങ്ങളെ സംബന്ധിച്ചു അന്നത്തെ ഗവൺമെണ്ടിനുണ്ടായിരുന്ന ഏതൊ ഒരാനുകൂല്യം കൊണ്ടുമാത്രമാണു് ഇത്തരത്തിലുള്ള സാമുദായികമായ അനീതിയെ കവച്ചുപുലർത്തുവാൻ ഗവൺമെണ്ടു് ധൈര്യപ്പെട്ടതു് എന്നു തോന്നുന്നു.

ഞാൻ ഒരു സവർണ്ണഹിന്ദുവാണു്. ഏറ്റവും അധികം അപലപിക്കപ്പെടുകയും, ഏറ്റവുമധികം അധിക്ഷേപിക്കപ്പെടുകയും, കേരളത്തിലെ മറ്റു സമുദായങ്ങളെക്കാൾ ഒരു പക്ഷെ, കൂടുതൽ സാമുദായികമായ അസമത്വങ്ങൾക്കു ചുമതല വഹിക്കുകയും ചെയ്യുന്ന ഒരു സമുദായത്തിലാണു് ഞാൻ ജനിച്ചുവളർന്നതു്; പോരാ, ഏതാണ്ടു് ഉയർന്ന ഒരു സമുദായത്തിലാണു് ഞാൻ ജനിച്ചു വളർന്നതു്. മറ്റുള്ളവരെക്കൊണ്ടു മമ്പിൽ മുട്ടുകുത്തിക്കുകയും, രണ്ടാംമുണ്ടു് അരയിൽ കെട്ടിക്കുകയും, ആചാരം പറയിപ്പിക്കുകയും ചെയ്തുവന്നിട്ടുള്ള പാരമ്പര്യമുള്ള ഒരു സമുദായത്തിൽപെട്ട ഒരാളാണെന്നു് പലപ്പോഴും ലജ്ജയോടുകൂടി എനിക്കു ഓർമ്മിക്കേണ്ടിവന്നിട്ടുണ്ടു്. പക്ഷെ, അതെന്റെ കുറ്റമല്ലെന്നു നിങ്ങളും സമ്മതിക്കും. ഒരു സവർണ്ണഹിന്ദു എന്ന നിലയിൽ, ഇത്തരം സാമുദായികഅനാചാരങ്ങളെ സംബന്ധിച്ചു് ഹൃദയം നിറിക്കൊണ്ടല്ലാതെ ആലോചിക്കുവാൻ എനിക്കു സാധിക്കാറില്ല. ഞാനൊരു കുട്ടിയായിരുന്ന കാലത്തു്, ആലോചിക്കുവാൻ കെൽപും ശേഷിയുമില്ലാതിരുന്നകാലത്തു്, പലപ്പോഴും ഒരു ഹിന്ദു എന്ന നിലയിൽ ഞാൻ അഭിമാനംകൊണ്ടിട്ടുണ്ടു്. ഒരു സാമുദായിക വാദിയെന്നനിലയിലല്ല; നേരെമറിച്ചു് ഹിന്ദുമതത്തിന്റെ മഹത്തായ പാരമ്പര്യത്തെക്കുറിച്ചും, മഹത്തായ സംസ്കാരത്തെക്കുറിച്ചും ഹിന്ദുമതം ലോകസംസ്കാരത്തിനു ചെയ്തിട്ടുള്ള മഹത്തായ സേവനങ്ങളെക്കുറിച്ചും ആലോചിക്കുമ്പോൾ എനിക്കു് അഭിമാനം തോന്നിയിട്ടുണ്ടു്. എങ്കിൽകൂടി, എന്റെ സമുദായം, സവർണ്ണസമുദായം ഹിന്ദുമതശരീരത്തിൽ ഏല്പിച്ചിട്ടുള്ള ആഭാസമായ വ്രണപ്പാടുകളെക്കുറിച്ചു് ആലോചിക്കുമ്പോൾ, എന്റെ സമുദായം ഹിന്ദുമതത്തിലെ ഒരു വമ്പിച്ച ഭൂരിപക്ഷത്തിന്റെ നേരെ കാട്ടുന്ന കടുംകൈകളെപ്പറ്റി ആലോചിക്കുമ്പോൾ, ലജ്ജയോടുകൂടിയല്ലാതെ ഞാൻ ഒരു ഹിന്ദുവാണെന്നു് എനിക്കു സ്മരിക്കുവാൻ സാധിക്കുന്നില്ല. ഇത്തരത്തിൽ മറ്റുള്ളവരുടെ മുതുകിൽ കയറിനിന്നുകൊണ്ടു് സവർണ്ണർചെയ്യുന്ന അനീതിയെപ്പറ്റി ഒരു സവർണ്ണപ്രതിനിധിയെന്നനിലയിൽ എനിക്കു പ്രസ്താവിക്കേണ്ടിവന്നതിലാണു് ഇന്നു ലജ്ജ തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും പൊതുജനാഭിപ്രായത്തിന്റെ പിന്താങ്ങോടുകൂടി നിലവിൽവന്നിരിക്കുന്ന ഈ ഗവണ്മെണ്ടു ഇതിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുമെന്നു് എനിക്കുറപ്പുണ്ടു്. സവർണ്ണസമുദായത്തിലുള്ളവരെ രക്ഷിക്കാനാണു് ഇത്തരത്തിലുള്ള ആചാരങ്ങൾ വെച്ചിരിക്കുന്നതെങ്കിൽ, സവർണ്ണസമുദായത്തിലെ ഒരംഗമെന്ന നിലയിൽ ഞാൻ ഉറപ്പു പറയുന്നു, ഇത്തരത്തിലുള്ള യാതൊരു രക്ഷയും ഇന്നുള്ള സവർണ്ണ സമുദായത്തിനാവശ്യമില്ലെന്നു്. ഇന്നു് സഹോദര സമുദായങ്ങളിൽനിന്നു് അകന്നു നില്ക്കാൻ സവർണ്ണസമുദായം ആഗ്രഹിക്കുന്നില്ല. അന്യസമുദായങ്ങളുടെ അഭിമാനത്തെ മറിപ്പെടുത്തുവാൻ അവരാഗ്രഹിക്കുന്നില്ല. എന്തൊരുതരം വൈരുദ്ധ്യമാണു് ഇതിൽ അന്തർഭവിച്ചിരിക്കുന്നതു് എന്നാലോചിച്ചുനോക്കുക. ശ്രീമാൻ കണ്ണൻ അധഃകൃത സമുദായത്തിൽപെട്ട ആളാണെന്നു പറയുന്നു. ഇന്നു കൊച്ചിയിൽ ഭരണഭാരമേറ്റിരിക്കുന്ന കാബിനറ്റിലെ ഒരംഗമാണു് റാവുസാഹിബു് കെ. അയ്യപ്പൻ. അദ്ദേഹവും അധഃകൃതമെന്നുപറഞ്ഞു തള്ളപ്പെട്ടിരിക്കുന്ന സമുദായത്തിലെ ഒരംഗമാണു്. ഇവർ ഈ നിയമസഭയിലെ നടപടികളിൽ സജീവമായ പങ്കെടുക്കുന്നമാന്യദേഹങ്ങളാണു്. കൊച്ചി രാജ്യത്തുള്ള എല്ലാ ജനവിഭാഗങ്ങളുടെയും ബാധിക്കുന്ന നിയമങ്ങളുണ്ടാക്കാൻ അവരെ അനുവദിച്ചിരിക്കുന്നു. ആ നിയമങ്ങൾ നടപ്പിൽ വരുത്താനുള്ള അധികാരം എന്റെ മാന്യസ്നേഹിതൻ റാവുസാഹിബു് കെ. അയ്യപ്പനിൽ നാം അർപ്പിച്ചിരിക്കുന്നു. അങ്ങിനെയിരിക്കെ, ഈ കൌൺസിലിൽനിന്നിറങ്ങി റാവുസാഹിബു് അയ്യപ്പനും, ശ്രീമാൻ കണ്ണനും ഇവിടെ ഏതെങ്കിലും ചായക്കടയിൽ ചെല്ലുകയാണെങ്കിൽ, അവർ അവർണ്ണസമുദായത്തിൽപെട്ട ആളുകളാണെന്നുപറഞ്ഞു പ്രവേശനം നിഷേധിക്കപ്പെടുകയാണെങ്കിൽ അതിൽപരം വൈപരീത്യമെന്താണുള്ളതു്? ആരെയാണു് ഈ അപമാനം ബാധിക്കുന്നതു്? അവർ നിശ്ചയമായും അപമാനിക്കപ്പെടുന്നു. അതോടുകൂടി ഈ സ്ഥാപനവും, ഈ നിയമസഭയും, അപമാനിക്കപ്പെടുന്നു. പക്ഷെ, അവർ ക്ഷമാശീലന്മാരായതുകൊണ്ടു് അനേകായിരംനാളം അസമത്വം അനുഭവിച്ചു പഴകിയിട്ടുള്ളവരായതുകൊണ്ടു് അവർ അതു പൊറുത്തു എന്നു വന്നേക്കാം. പക്ഷെ, നിയമസഭയിലെ രണ്ടു മെമ്പർമാരെയാണു് ഒരു ചായക്കടക്കാരൻ അങ്ങിനെ അപമാനിക്കുന്നതു് എന്നാലോചിക്കുമ്പോൾ ആ അപമാനത്തെ തടയേണ്ട ചുമതല നിയമസഭക്കില്ലെ എന്നു ഞാൻ ഗവണ്മെണ്ടു മെമ്പർമാരോടും മറ്റു സാമാന്യ സാമാജികന്മാരോടും ചോദിച്ചുകൊള്ളുന്നു.

ഞാനാദ്യം പറഞ്ഞതുപോലെ ഇതിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെസംബന്ധിച്ചിടത്തോളം ഇന്നത്തെ ഗവണ്മെണ്ടു് എതു നിലയാണു് കൈക്കൊള്ളാൻ പോകുന്നതു് എന്നുള്ളതിനെസംബന്ധിച്ചു് എനിക്കു യാതൊരു സംശയവുമില്ല.

ഇതിനെസംബന്ധിച്ചു മറ്റൊരു വാദമുഖംകൂടിയുണ്ടു്. ഇതു വളരെക്കാലമായി നമ്മുടെനാട്ടിൽ നടന്നുവരുന്ന ഒരനീതി യാണു്. ഇതിനെ ഒരു നിമിഷംകൊണ്ടു്. നിയമത്തിന്റെ സഹായംകൊണ്ടു് തുടച്ചുനീക്കുകയെന്നുള്ളതു് തികച്ചും അനഭിലഷണീയമായിരിക്കും. ഇതു താനെ നശിച്ചുപോകേണ്ട ഒരനാചാരമാണെന്നു് പലരും പറയാറുണ്ടു്. സാമുദായികപരിഷ്കരണത്തിനു നിയമത്തെ ആശ്രയിക്കുന്നതുകഴിയുന്നതും ചുരുക്കേണ്ടതാണു്. ഏറ്റവും ദുഃഖകരമായ ഒരു തത്വമാണിതെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ ഇത്തരത്തിലുള്ള വിഷയങ്ങളിൽ നിയമംകൊണ്ടു നടപ്പുകളെ തുടച്ചുനീക്കുന്നതു ശരിയല്ല എന്നു പറയുന്നതു, പരിഷ്കൃതമായ കൊച്ചിരാജ്യത്തെസംബന്ധിച്ചിടത്തോളം മറവുള്ളവർക്കു തെറ്റിദ്ധാരണയുണ്ടിടവരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല്. ഇതിനു മുമ്പും നമ്മുടെ നാട്ടിൽ സാമുദായികമായ അനീതികളെ നിയമത്തിന്റെ സഹായംകൊണ്ടു് ഒരൊറ്റനിമിഷംകൊണ്ടു തുടച്ചു നീക്കിയതിനു് ഇന്ത്യാചരിത്രത്തിൽ ഉദാഹരണങ്ങളുണ്ടു്. ഇവിടെ ഒരുവൈസ്രോയി ഉടന്തടിച്ചാട്ടത്തെ അദ്ദേഹത്തിന്റെ ഒരൊറ്റ തൂലികാചലനംമൂലം നിർത്തിക്കളയുകയുണ്ടായി. അന്നു ഇന്ത്യയിൽനിന്നും തന്നെ പ്രതിഷേധസ്വരം മുഴക്കാനുണ്ടായില്ല. അതുപോലെ എത്രയോലക്ഷം ജനങ്ങളുടെ ഹൃദയത്തെ വേദനപ്പെടുത്തുന്ന ഈ അനാചാരത്തെ തുടച്ചു മാറ്റണമെന്നു പറയുമ്പോൾഅതിനെ എതിർക്കാൻ നിയമപുസ്തകക്കെട്ടുമായി ഇറങ്ങുന്നതു് ക്ഷന്തവ്യമല്ലാത്ത അപരാധമായിരിക്കും. ഇന്നു കൊച്ചിയിലെ സവർണ്ണസമുദായം ഹിന്ദുമതത്തിലെ എല്ലാ മാലിന്യങ്ങളേയും തുടച്ചു മാറ്റാനുള്ള ആത്മാർത്ഥമായ പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. അതിന്റെ ലക്ഷണമാണു് കൊച്ചിയിലെ ക്ഷേത്രപ്രവേശന പ്രസ്ഥാനം. ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വം നമ്മുടെ വിശാലഹൃദയനായ ഭരണാധിപനായ മഹാരാജാവുകൂടി സമ്മതിച്ചിട്ടുണ്ടു്. അങ്ങിനെ അയിത്തത്തിന്റേയും, അനാചാ

LIBRARY ARCHIVES Kerala Legislative Assembly

രങ്ങളുടേയും സങ്കേതങ്ങളാണെന്ന കരുതപ്പെടുന്ന ദേവാലയങ്ങളിൽനിന്നു് അയിത്തത്തേയും അനാചാരങ്ങളേയും തുരത്തുകയാണെങ്കിൽ അവ ഹോട്ടലുകളിലും, കാപ്പി ക്ലബ്ബുകളിലും അഭയം തേടുമ്പോൾ അവയെ അവിടെ പോറാറി രക്ഷിക്കുന്നതു് അപലപനീയമായ ഒരു നയമായിരിക്കും. പ്രത്യേകിച്ചു് ഇന്നു് ഹിന്ദു സമുദായത്തിന്റെ മൌലികമായ പല കാഴ്ചകളേയും സ്പർശിക്കുന്ന വിവാഹബന്ധങ്ങളെപ്പോലും സ്പർശിക്കുന്ന, ഡോക്ടർ ദശ്മുഖന്റെ ഒരു ബിൽ കേന്ദ്രസഭയിൽ ആലോചനയിലിരിക്കുകയാണു്. അതിനാൽ നിയമംകൊണ്ടു് സാമുദായികാനാചാരങ്ങളെ തുടച്ചുനീക്കുന്നതു ശരിയാവില്ല എന്നുള്ളതിനു് ഇന്നത്തെ നമ്മുടെ പരിതസ്ഥിതിയിൽ യാതൊരു പ്രസക്തിയുമില്ല എന്നു ഞാൻ ചൂണ്ടിക്കാണിക്കട്ടെ.

ഈ പ്രമേയത്തെ സംബന്ധിച്ചു ഇതിലധികം പ്രസംഗിക്കണമെന്നു് ഞാനാഗ്രഹിക്കുന്നില്ല. ഇനി ഒരു കാഴ്ചമാത്രമേ എനിക്കു പറയുവാനുള്ളു. ആരെയെങ്കിലും സംരക്ഷിക്കുന്നതിനാണു്, ആരുടെയെങ്കിലും വികാരത്തെ തൃപ്തിപ്പെടുത്തുന്നതിനാണു് ഈ അനാചാരത്തെ വെച്ചു പുലർത്തുന്നതെങ്കിൽ, അവരെ രക്ഷിക്കുന്നതിനുതന്നെ, അവരുടെ അഭിമാനത്തെ കാക്കുന്നതിനുതന്നെ ഇത്തരത്തിലുള്ള അനീതികളെ നാട്ടിൽവെച്ചു പുലർത്താതിരിക്കയാണു് നല്ലതു്. ജനറൽ സ്മട്സിനെപ്പോലെയുള്ള മുതിർന്ന സാമ്രാജ്യവാദികൾക്കു് നമ്മുടെ സാമുദായികാചാരങ്ങളെ ചൂണ്ടിക്കാട്ടി നമ്മെ അധിക്ഷേപിക്കാനുള്ള അവസരം ഇനിയുണ്ടാക്കിക്കൊടുക്കുവാൻ പാടില്ല. അതുകൊണ്ടു് ശ്രീമാൻ കണ്ണൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. നമ്മുടെ നാട്ടിലെ പരിഷ്കൃതമെന്നു പറയപ്പെടുന്ന പട്ടണങ്ങളിൽ സവർണ്ണഹിന്ദുക്കൾക്കുമാത്രം എന്നെഴുതിവെച്ചിരിക്കുന്ന ആ ആഭാസമായ, അപമാനകരമായ, നമ്മുടെ സാമുദായികമായ അധഃപതനത്തെ പ്രഖ്യാപിക്കുന്ന പലകകളും എടുത്തു ചുട്ടുകരിച്ചുകളയുവാനുള്ള ഒരു പരിശ്രമംകൂടി നമ്മുടെ ഗവർമ്മെണ്ടു് ഉടനടി തുടരണമെന്നു ഞാൻ അവരോടു അഭ്യർത്ഥിക്കുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, അയിത്തം, ജാതി, അനാചാരം, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ ഇതെല്ലാം ഇന്നു നമ്മുടെ നാട്ടിൽ ജാതി നിലനിർത്തിക്കൊണ്ടുവരുന്നതിന്റെ ചില ലക്ഷണം മാത്രമാണു്. ഇന്നു മുനിസിപ്പാലിറ്റി റോഡുകളിൽകൂടി പോകുമ്പോൾ സവർണ്ണർക്കുമാത്രം "എന്നെഴുതിട്ടുള്ള ചില ബോർഡുകളും പല ഷാപ്പുകളും വെച്ചിരിക്കുന്നതു് കാണാം. ഇതിനെ സംബന്ധിച്ചു് ഞാൻ തൃശ്ശിവപേരൂർ മുനിസിപ്പൽ ചെയർമാനോടു് സംസാരിച്ചപ്പോൾ, അദ്ദേഹം കൌൺസിലിൽ ഇതിനെപ്പറ്റി ആലോചിച്ചു കൌൺസിലിലെ എല്ലാവരും ചേർന്നു ഇതിനെ സംബന്ധിച്ചു ഒരു പ്രമേയം പാസ്സാക്കി ഗവർമ്മെണ്ടിലേക്കയച്ചു. അതിനു ഗവർമ്മെണ്ടു ചെയ്തതെന്താണു്? അവർക്കധികാരമില്ലാത്ത സംഗതിയെപ്പറ്റി എന്തിനാലോചിച്ചു എന്നു ചോദിച്ചു സമാധാനം പറയാൻ ഗവർമ്മെണ്ടിൽനിന്നു നോട്ടീസ്സു കൊടുക്കുകയാണു് ചെയ്തതു്. പക്ഷെ, അതു് ഇന്നത്തെ ആ വകുപ്പു മന്ത്രിസ്ഥാനം ഏറ്റെടുക്കുന്നതിനു മുമ്പാണെന്നാണു് തോന്നുന്നതു്. ഉത്തരവാദഭരണം, ഐക്യകേരളം എന്നിങ്ങനെ ചില പ്രത്യേക പരിപാടികളും നമ്മുടെ രാജ്യത്തു നടപ്പിൽ വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി വിദ്യാസമ്പന്നനായ നമ്മുടെ മഹാരാജാവു് ചില ഭരണപരിഷ്കാരങ്ങൾകൂടി ചെയ്തിട്ടുണ്ടു്. പക്ഷെ ഇതെല്ലാം സഫലമാകണമെങ്കിൽ നമ്മുടെ നാട്ടിലെ അനാചാരങ്ങൾകൂടി നീക്കം ചെയ്യാതെ സാധിക്കയില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇന്നിവിടെ കൊണ്ടുവന്ന ഒരു പ്രമേയം നടപ്പിൽ വരുത്തുകയാണെങ്കിൽ നൂറു ലക്ഷം ഉറുപ്പിക നഷ്ടംവരുമെന്നു പറഞ്ഞു. എന്നാൽ യാതൊരു പൈസയും നഷ്ടം വരുത്താതെ അനാചാരത്തെ ദൂരീകരിക്കുകയെന്ന പ്രമേയം നടപ്പിൽ വരുത്താവുന്നതാണു്, പക്ഷെ, ഗവർമ്മെണ്ടിന്റെ യാഥാസ്ഥിതികത്വം കുറയ്ക്കേണ്ടിവരും. തീക്കേണ്ടിവരും. അതു് ഗവർമ്മെണ്ടു കളയുമോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

മിസ്റ്റർ രാജാ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സവർണ്ണസമുദായം ഇതിനു തടസ്ഥമല്ലെന്നു പറഞ്ഞു. ഇതുപോലെ വളരെയധികം പ്രസംഗങ്ങളും നടന്നിട്ടുണ്ടു്, ധാരാളം ലേഖനങ്ങളും പത്രങ്ങളിലെഴുതിയിട്ടുണ്ടു്. വളരെയധികം പ്രമേയങ്ങളും പാസ്സാക്കി അയച്ചിട്ടുണ്ടു്. പക്ഷെ, ഇതുവരേയും ഗവർമ്മെണ്ടു യാതൊന്നും ചെയ്തിട്ടില്ല. അവശസമുദായങ്ങളെ സംബന്ധിച്ചു് ഗവർമ്മെണ്ടു ഈ വക കാഴ്ചകളിൽ യാതൊന്നുംതന്നെ പ്രവർത്തിച്ചുതായി കാണുന്നില്ല. ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ചു പലരും പല പ്രസംഗങ്ങളും ചെയ്തിട്ടുണ്ടു്. പക്ഷെ ഗവർമ്മെണ്ടു് അതെല്ലാം ചെയ്യാം, ആലോചിക്കാം എന്നു പറയുന്നതല്ലാതെ യാതൊന്നും പ്രവർത്തിച്ചു കാണുന്നില്ല. അതിനുള്ള സന്നദ്ധതയും പ്രകടിപ്പിക്കുന്നില്ല. അതുകൊണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

ണ്" അതിനെ സംബന്ധിച്ചു പ്രവർത്തിക്കാൻ ഒരു കമ്മറ്റിയെ ഏർപ്പെടുത്തിയിട്ടുള്ളതു". വെറുതെ പ്രമേയം പാസ്സാക്കിയതുകൊണ്ടു കാര്യമില്ല, കാര്യമായി പ്രവർത്തിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു" കമ്മറ്റിയെ ഏർപ്പെടുത്തിയിട്ടുള്ളതും, ഇപ്പോൾ പ്രവർത്തിച്ചുപോരുന്നതും. ഇന്നു സകല സമുദായങ്ങളും, സകല സംഘടനകളും ഇങ്ങിനെയുള്ള അനാചാരം നാട്ടിൽ നിന്നും നീക്കം ചെയ്യണമെന്നു മുക്തകണ്ഠം മുറവിളി കൂട്ടുന്നുണ്ടു". ഇങ്ങിനെ ഐകകണ്ഠ്യേനയുള്ള അഭിപ്രായമുണ്ടായിട്ടും ഗവർമ്മെണ്ടു" അതു നടപ്പിൽ വരുത്താത്തതു" എന്തോ ചില ദുരുദ്ദേശത്തോടുകൂടിയാണു". യാഥാസ്ഥിതികത്വം നിലനിർത്താൻ വേണ്ടിയാണു", ചില വ്യക്തികൾക്കുവേണ്ടിയാണു", മറ്റുള്ളവരുടെ ചവിട്ടേറ്റു അവശസമുദായം കഷ്ടപ്പെട്ടുകൊണ്ടിരിക്കെ പഴയ നയം അനുവർത്തിച്ചുകൊണ്ടിരിക്കുന്നതു് ഒരിക്കലും ക്ഷന്തവ്യമല്ല. നമ്മുടെ മഹാരാജാവു തിരുമനസ്സിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ക്ഷേത്രപ്രവേശനത്തെയും, അയിത്തത്തെയും സംബന്ധിച്ചു അദ്ദേഹത്തിന്റെ അഭിപ്രായം വ്യക്തമാക്കിയിട്ടുണ്ടു". ക്ഷേത്രപ്രവേശനമനുവദിക്കാൻ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം യാതൊരു തടസ്ഥവുമില്ല. സകലജനങ്ങളും, മഹാരാജാവും ഒരേഅവസരത്തിൽതന്നെ വാഴിക്കുന്നു, യാതൊരനാചാരങ്ങളും വേണ്ടയെന്നു പറഞ്ഞു. പിന്നെ, തുക്കവേണ്ടിയാണു" ഇതു നിലനിർത്തുന്നതെന്നു" ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ഗവർമ്മെണ്ടു" പല കാര്യങ്ങളും ഈ രാജ്യത്തിന്റെ നന്മക്കുവേണ്ടി ചെയ്തിട്ടുണ്ടു". പക്ഷെ, ആ പ്രവർത്തനങ്ങൾ സഫലമാകണമെങ്കിൽ ഇന്നു അയിത്തവും, അതുപോലെയുള്ള അനാചാരങ്ങളും ഉടനടി ഇവിടെനിന്നു മാറണം. വാസ്തവത്തിൽ ഈഴവസമുദായത്തിനു ഒരു മന്ത്രിയെ കിട്ടിയെന്നുള്ളതു", ഏറ്റവും അഭിമാനത്തോടുകൂടി പറയാൻ സാധിക്കുന്ന ഒരു വസ്തുതയാണു". പക്ഷെ, റോഡു നന്നാക്കുന്ന മന്ത്രിക്കു ഇന്നു ചില റോഡിൽക്കൂടി നടക്കുവാൻ സാദ്ധ്യമല്ല. കാരണം, അദ്ദേഹം ഈഴവനാണു". ബാക്കിയുള്ള മന്ത്രിമാരോടുകൂടി അങ്ങിനെയുള്ള വഴികളിൽക്കൂടി റാവു സാഹിബു" അയ്യപ്പൻ പോകുകയാണെങ്കിൽ അതു കഠാകരമാകും. ഇങ്ങിനെയുള്ള അനാചാരങ്ങളെയാണു" ഗവർമ്മെണ്ടു" യാഥാസ്ഥിതികന്മാർക്കുവേണ്ടി വെച്ചുകൊണ്ടിരിക്കുന്നതു, പോറ്റിക്കൊണ്ടുപോരുന്നതു". ഇതു" അങ്ങിനെയുള്ള സമുദായങ്ങളെ അധിക്ഷേപിക്കാൻ വേണ്ടി മാത്രം നടത്തിക്കൊണ്ടിരിക്കുന്ന ഏർപ്പാടാണു". അതുകൊണ്ടു" ഇതിനു മുമ്പോട്ടിറങ്ങേണ്ടതു" ഈഴവസമുദായമോ, മറ്റു അവശസമുദായങ്ങളോ അല്ല, ഏറ്റവും സംഘടിതസമുദായമായ, നല്ല പാരമ്പര്യമുള്ള സമുദായമായ നായർ സമുദായമാണു". ഇതു" അവരുടെ ഒരു കാര്യമാണു". അവർ ഇതു" സ്വന്തംകാര്യമായി, ഏറ്റവും വലിയ പ്രവർത്തിസന്നദ്ധതയോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ, എനിക്കു തീർച്ചയായും പറയാൻ സാധിക്കും, ഈ അയിത്തവും മറ്റനാചാരങ്ങളും ഇവിടെനിന്നു ഉടനടി പോകുമെന്നു". അവർ പറയുന്നു, അവക്കു ഇതിനു യാതൊരു തടസ്ഥവുമില്ലെന്നു". അങ്ങിനെയാണെങ്കിൽ അവർ ക്ഷേത്രങ്ങളിൽ പോകാതിരിക്കുക, എല്ലാവക്കും നടക്കാൻ പാടില്ലാത്ത റോഡുകളിൽ നടക്കാതിരിക്കുക, എല്ലാവക്കും പ്രവേശനമില്ലാത്ത ഹോട്ടലുകളിൽ പ്രവേശിക്കാതിരിക്കുക. ഈ ഹോട്ടലുകളും മറ്റും തുക്കവേണ്ടിയാണു" നടത്തുന്നതു". അതുകൂടി ചെല്ലാതിരുന്നാൽ അതുതാനെ നില്ക്കും. നായർ സമുദായത്തിനുതന്നെ ചില ഹോട്ടലിൽ ശരിയായ പ്രവേശനമില്ലെന്നാണു" തോന്നുന്നതു". "ബ്രാഹ്മണക്ഷമാത്രം" എന്നെഴുതിയിട്ടുള്ള ബോർഡുകൾ അതിനുള്ളിൽ കാണാം. അതുകൊണ്ടു" ഈ അനാചാരത്തെ നീക്കുവാൻ അവർ ശ്രമിക്കുകയെന്നുള്ളതു" അവരുടെ സ്വന്തം അഭിമാനത്തെ പുലർത്തുവാൻ, അവരുടെ അധികാരം പിടിച്ചെടുക്കുവാൻകൂടിയാണു". അതുകൊണ്ടു" പ്രസംഗംകൊണ്ടല്ല, സേവനംകൊണ്ടു" ഇങ്ങിനെയുള്ള അനാചാരങ്ങളെ തകർക്കാൻ സാധിക്കുന്നതാണു". ഇതുമായും പറഞ്ഞുകൊണ്ടു" ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ, നിങ്ങളുടെ സ്ഥാനലബ്ധിയിൽ ഞാൻ ഹാർദ്ദമായി നിങ്ങളെ അനുമോദിച്ചുകൊള്ളുന്നു. ഈ പ്രമേയത്തെക്കുറിച്ചു വലിയ വാദപ്രതിവാദം ചെയ്യുന്നതു" അസ്ഥാനത്തിലാണെന്നാണു" എന്റെ അഭിപ്രായം. ഈ പ്രമേയം കക്കടകമാസത്തിനുമുമ്പായിരുന്നു ഇവിടെ അവതരിപ്പിക്കപ്പെട്ടിരുന്നതെങ്കിൽ ശക്തിമത്തായ വാദപ്രതിവാദങ്ങളും ആവശ്യമാണെന്നു സമ്മതിക്കാമായിരുന്നു. അതുണ്ടായാൽതന്നെയും അനന്തരഫലം എന്താണെന്നു" നമുക്കറിയാം. ഇന്നു മട്ടുമാറിയിരിക്കുന്നു. അതു" മനസ്സിലാക്കാതെയാണു" ഇവിടെ പ്രസംഗിക്കുന്നതു". ജനങ്ങളുടെ സ്വന്തം ഗവർമ്മെണ്ടിനോടു" ജനങ്ങൾ ആവശ്യപ്പെടുന്നതു" തരാതിരിക്കുകയില്ല, പക്ഷെ, അവിടെയിരിക്കുന്നവരുടെ മുഖഭാവം കണ്ടാൽ ഇതിനെ അങ്ങേഅറ്റംവരെ കർശനമായി എതിർക്കുമെന്നുതോന്നിപ്പോകുന്നു. എന്നാൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തുള്ള പ്രസംഗധോരണിയെല്ലാം കഴിഞ്ഞശേഷം, നിങ്ങൾ ആവശ്യപ്പെട്ടതു സംഗതി നിങ്ങൾക്കു നൽകുവാനായി മുമ്പുതന്നെ തീച്ചയാക്കിയിട്ടുണ്ട്" എന്നായിരിക്കുമോ മറുപടി പറയുക എന്നു ഞാൻ ശങ്കിക്കുന്നുമുണ്ട്". ഇതുപോലെയുള്ള മറുപടിയല്ലാതെ പിന്നെയെന്തൊരു മറുപടിയാണ്" ആ ഭാഗത്തുനിന്നു തരുവാൻ ധൈര്യപ്പെടുക എന്നു ചോദിക്കട്ടെ! പിന്നെയെന്തിനാണ്" ഞാൻ പ്രസംഗിക്കുന്നതു" എന്നുള്ള ഒരു ചോദ്യത്തിനുള്ള പ്രസക്തിയുണ്ട്". ഈ ഒരു വ്യത്യാസംവരുത്തുന്നതിനു നിങ്ങളെ പറഞ്ഞു മനസ്സിലാക്കാനാണ്" ഞാൻ പ്രസംഗിക്കുന്നതു".

ഒരു രാജകുമാരൻ പ്രത്യേകിച്ചു ചില സമുദായങ്ങളുടെയൊ ആ സമുദായങ്ങളിൽതന്നെ ഒരു പ്രത്യേക വിഭാഗത്തിന്റെയൊ വിഴുപ്പുമാത്രമേ അലക്കാൻ പാടുള്ളു എങ്കിൽഅതു പബ്ലിക്കായിരുന്നിട്ടു ചെയ്യാൻ തരമില്ല. ലൈസൻസ്സു വാങ്ങി പബ്ലിക്കായിട്ടിരിക്കണമെങ്കിൽ അതിനു" ഗവമ്മെണ്ടു" പറയുന്നതുപോലെ, എന്നു വെച്ചാൽ പൊതുജനങ്ങൾ പറയുന്നതുപോലെ ചെയ്യണം. അതിനു" അവർക്കു സമ്മതമില്ലെങ്കിൽ ലൈസൻസ്സു കൊടുക്കാൻ പാടില്ല. സവർണ്ണരുടെ വസ്ത്രം മാത്രമേ അലക്കുകയുള്ളുവത്രു. സവർണ്ണരുടെ വസ്ത്രത്തിലും അവർണ്ണരുടെ വസ്ത്രത്തിലും അഴുക്കുപറ്റിയാൽ രണ്ടിലും അഴുക്കുതന്നെ. എല്ലാവരുടെയും വിഴുപ്പു ഒരുപോലെയാണു". അതുകൊണ്ടു" മേലാൽ ലൈസൻസ്സു കൊടുക്കുമ്പോൾ സൂക്ഷിക്കണം. ചില ജാതിക്കാരുടെ പ്രവർത്തിമാത്രമേ എടുക്കുകയുള്ളു എന്നു" നിർബ്ബന്ധമുള്ളവർ വീട്ടിൽതന്നെയിരുന്നു കൊള്ളട്ടെ. പുറത്തുവന്നു ജോലി ചെയ്യണമെങ്കിൽ എല്ലാ സമുദായക്കാരുടേയും പ്രവർത്തി ചെയ്യണം. മനുഷ്യസമുദായത്തിനു ചെയ്യുന്ന സർവ്വീസ്സു", അലക്കു", ക്ഷൌരം മുതലായവ എല്ലാവക്കും ഒരുപോലെയാണു" പുതിയ വകുപ്പായി ചേർക്കുക. ക്ഷേത്രപ്രവേശനത്തിന്റെ കാര്യത്തിൽ, സംഘടിതമായ S.N.D.P. യുടെയും, പ്രജാമണ്ഡലത്തിന്റെയും മറ്റു ചില സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിലും മേൽനോട്ടത്തിലും വളരെ അച്ചടക്കത്തോടുകൂടി നടന്നുവരുന്ന ക്ഷേത്രപ്രവേശന പ്രചരണ മാർഗ്ഗങ്ങൾ കണ്ടാൽ നാം എവിടെക്കാണു" പോകുന്നതു" എന്നു നല്ലപോലെ മനസ്സിലാക്കാം. ഇവിടെന്റെ മാന്യസ്നേഹിതൻ ചെയ്ത പ്രസംഗത്തിൽ മഹാരാജാവിന്റെ മനഃസ്ഥിതി എന്താണെന്നുള്ളതു പറഞ്ഞുകഴിഞ്ഞു. ഇഷ്ടമുള്ളവർ അവരുടെ സ്വകാര്യക്ഷേത്രങ്ങൾ തുറന്നുകൊടുക്കട്ടെ; തിരുമനസ്സിലേക്കു" അതിൽ വിരോധമില്ലെന്നു കല്പിച്ചിട്ടുണ്ട്". അങ്ങിനെ കല്പിച്ചതിന്റെ ഫലവും നമ്മൾ കണ്ടുകഴിഞ്ഞു .അതിനു ശേഷം പല സ്വകാര്യക്ഷേത്രങ്ങളും തുറന്നുകൊടുത്തിട്ടുണ്ട്". അതു തീച്ചയായും കൊടുക്കയും വേണം. ഇനി അതിനു വേണ്ടി പ്രസംഗിക്കേണ്ടതൊന്നും ഇല്ല ക്ഷേത്രപ്രവേശനം അവർണ്ണർക്കാണു" ആവശ്യമെന്നു പറയുകയുണ്ടായി. അവർണ്ണർക്കതന്നെയല്ല സവർണ്ണർക്കും ആവശ്യമാണ്". സവർണ്ണരിൽ പുണർതൽ ഇല്ലാത്തവർക്കു പല അവശതകളും ഇന്നു നിലവിലുണ്ട്". പുണർതൽ ഉള്ളവർക്കു മണ്ഡപത്തിൽ കയറാം, നമസ്കരിക്കാം, മണിയടിച്ചു തൊഴാം, കയ്യിൽ പ്രസാദം മേടിക്കാം. എന്നാൽ പുണർതൽ ഇല്ലാത്തവർക്കു മണ്ഡപത്തിൽ കയറിക്കൂടാ, നമസ്കരിച്ചുകൂടാ, മണിയടിച്ചുകൂടാ, അവർക്കു പ്രസാദം നിലത്തു വലിച്ചെറിഞ്ഞു കൊടുക്കുന്നുള്ളു. പുണർതൽക്കാർ നടക്കുന്ന പ്രദക്ഷിണവഴിയിൽ നടക്കുകയുംകൂടി ചെയ്തുകൂടാ. ഈ നില പോകണം. എല്ലാപേർക്കും അമ്പലത്തിൽ പോകുന്നതിനും മണിയടിച്ചു തൊഴുന്നതിനും മറ്റുമുള്ള സ്വാതന്ത്ര്യം വേണം. അതിനുംകൂടി ക്ഷേത്രപ്രവേശനകമ്മറ്റിക്കാർ പരിശ്രമിക്കേണ്ടതുണ്ട്". അവർ അങ്ങിനെ ചെയ്യുമെന്നു വിശ്വസിക്കുന്നു.

ഈ പ്രമേയത്തെക്കുറിച്ചു ഗവമ്മെണ്ടുഭാഗത്തുനിന്നു മറുപടി പറയുവാനുള്ള മെമ്പർ ആരുതന്നെ ആയാലും ഞാൻ ആദ്യം പറഞ്ഞതു മാതിരിയുള്ള surprise ആയിട്ടുള്ള ഒരു മറുപടി ഇങ്ങോട്ടു തരണം. അല്ലാതെ പറകയില്ല. അതല്ലാതെ എന്തു മറുപടിയാണു നിങ്ങൾക്കു പറയാനുള്ളതു". ഇത്രമാത്രമേ ഞാൻ പറയുന്നുള്ളു. ഈ പ്രമേയത്തെ സർവ്വാത്മനാ ശക്തിയായി ഞാൻ പിന്താങ്ങുന്നു.

മിസ്റ്റർ പറമ്പി ലോനപ്പൻ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇതു ഒരു ക്ഷേത്രപ്രവേശനക്കാര്യം മാത്രമായിരുന്നെങ്കിൽ ക്രിസ്ത്യാനിയായ ഞാൻ ഇതു പിന്താങ്ങാൻ സംശയിക്കുമായിരുന്നു ഞാനൊരു സവർണ്ണനല്ല. എന്റെ സ്നേഹിതൻ മിസ്റ്റർ എഴുത്തച്ഛൻ പറഞ്ഞതുപോലെ ഇവിടെ ഇതിനെ സംബന്ധിച്ചു ഒരു പ്രസംഗത്തിന്റെ ആവശ്യമൊന്നും ഇല്ല. എന്തെന്നാൽ ഗവമ്മെണ്ടിന്റെ "ഗുട്ട്" കറെക്കെ എനിക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ആദ്യം ഞാൻ മന്ത്രിയായിരുന്ന കാലത്തു് ഇങ്ങിനെ ഒരു പ്രമേയം വന്നപ്പോൾ അന്നു് ഇതു ചെയ്യേണ്ടതാണെന്നു് എന്റെ മനസ്സിനു ബോദ്ധ്യം വന്നെങ്കിലും ഞാൻ അശക്തനായിരുന്നു. ഞാനൊരുത്തൻ മാത്രമാണു മന്ത്രിയായിരുന്നതു്. എന്നാൽ നിങ്ങൾ അങ്ങിനെയല്ല, നാലാളുകൾ ഉണ്ടു്, ഇതനുവദിച്ചുതരണമെന്നു പറഞ്ഞു നിങ്ങൾ ഒന്നു തൊഴുക്കിയാൽ മതി. ഞാനിതു പ്രചരണത്തിനു വേണ്ടി പറയുന്നതല്ല. മനസ്സിൽ തട്ടി പറയുന്നതാണു്. അതുകൊണ്ടു ദയവു ചെയ്തു് അനുവദിക്കുന്നതിനു വേണ്ടതു നിങ്ങൾ ചെയ്യണം. ഇതനുവദിക്കാതെ നിവൃത്തിയില്ല. അനുവദിച്ചില്ലെങ്കിൽ ഇനി കലാപമുണ്ടാകാനാണു പോകുന്നതു്. ലൈസൻസ്സു കൊടുത്തിട്ടുള്ള ഷാപ്പുകളിൽ ആളുകൾ സമ്മതംകൂടാതെ കടന്നുചെല്ലും. അപ്പോൾ കലാപമുണ്ടാകും. അതുകൊണ്ടു് അതിനൊന്നിനും ഇടവരുത്താതെ നിങ്ങൾ ര മന്ത്രിമാരുണ്ടു്; നിങ്ങൾ ഒന്നിച്ചു ദയവായി ആലോചിച്ചു ഗവൺമെണ്ടിന്റെ പ്രതിനിധി എന്ന നിലയിൽ ഇതു് അനുവദിച്ചുതരുന്നതിനനുകൂലമായ ഒരു മറുപടി പറയണം. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : On a point of information. ഈ പ്രമേയത്തിൽ പറയുന്നമാതിരി ലൈസൻസു റദ്ദു ചെയ്യുന്നതിനു അധികാരമുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : അധികാരം ഉപയോഗിക്കുവാൻ കുറച്ചു പ്രയാസമാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : On a point of information. ലൈസൻസ്സു് കൊടുക്കുന്നതു് ആജീവനാന്തമാണോ ?

റാവുബഹദൂർ ടി. കെ. നായർ : ലൈസൻസ്സു് ഒരു കൊല്ലത്തേക്കാണു കൊടുക്കുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : അപ്പോൾ രണ്ടാമതൊരു കൊല്ലത്തേക്കു കൊടുക്കാതെയിരിക്കാൻ ഗവൺമെണ്ടിനധികാരമില്ലേ ?

റാവുബഹദൂർ ടി. കെ. നായർ : ഉണ്ടു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ഇതിനെസംബന്ധിച്ചു് ഇവിടെ ഒരു പ്രസംഗത്തിന്റെ ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല. എന്റെ മാന്യസുഹൃത്തായ നായന്മാരാണു് ഇതിനു വേണ്ടതു പ്രവൃത്തിക്കേണ്ടതെന്നു്. ഞാൻ ഒരു നായരാണു്. ഞാൻ ചായ കടിക്കാനാണെങ്കിൽ സാധാരണ നായരുടെ പീടികയിലല്ല മറ്റു ജാതിക്കാരുടെ പീടികയിലാണു പോകാറു്. അധികവും മുഹമ്മദീയരുടെ പീടികയിലാണു ഞാൻ പോകാറു്. എനിക്കു് ഈവക കാര്യങ്ങളിലൊന്നും നിർബ്ബന്ധമില്ല. ഒരു നായർ എന്ന നിലയിൽ എന്തെല്ലാം ചെയ്യുവാൻ കഴിയുമോ അതൊക്കെ ചെയ്യാൻ ഞാൻ തയ്യാറാണു്. ഇനി അടുത്തു് ഒരു നായർ മഹാസമ്മേളനം കൂടാൻ പോകുന്നുണ്ടു്, അതിൽ ഈ കാര്യത്തിൽ എന്തെല്ലാം ചെയ്യാമോ അതൊക്കെ ചെയ്യിക്കാൻ ഞാൻ വേണ്ട പരിശ്രമം ചെയ്യുന്നതാണു്. പിന്നെ ചിലക്കൊക്കെ ഈ കാര്യത്തിൽ വൈമനസ്യമുണ്ടാകും. അതിനു് ഒരു കാര്യം ചെയ്യണം. എനിക്കു് അടുത്തു് ഒരു ക്ഷേത്രപ്രവേശനജാഥയിൽ അദ്ധ്യക്ഷം വഹിക്കേണ്ടിവന്നു. അങ്ങിനെയുള്ള മീറ്റിങ്ങുകളിൽ ഈ വൈമനസ്യമുള്ള ആളുകളെ അദ്ധ്യക്ഷനാക്കാൻ ക്ഷണിക്കണം. എന്നിട്ടു് അവരുടെ മുമ്പിൽ വെച്ചു പലരും ഇതിനെക്കുറിച്ചു ക്ഷോഭത്തോടുകൂടി പ്രസംഗിക്കുകയാണെങ്കിൽ അവക്കു കാര്യം മനസ്സിലാകും. അല്ലാതെ ഇവിടെ പ്രസംഗിച്ചിട്ടു കാര്യമില്ല. ആരെങ്കിലും അമ്പലത്തിൽ കടക്കുന്നതിൽ എനിക്കു വിരോധമില്ല. ഞാൻ അമ്പലത്തിൽ പോകാറില്ല. മണ്ഡപത്തിൽ കയറാനൊ നമസ്കരിക്കാനൊ മണിയടിക്കാനൊ ഒന്നും ഉത്സാഹിക്കാറില്ല.

എല്ലാപേരുംകൂടി ഈ കാര്യത്തിനു പരിശ്രമിക്കണം. അങ്ങിനെ പ്രചരണംകൊണ്ടു വൈമനസ്യമുള്ളവരെ മാനസാന്തരപ്പെടുത്തി കഴുപ്പമില്ലാത്ത നിലയിൽ ഈ കാര്യം സാധിക്കാനാണു നോക്കേണ്ടതു്. അല്ലാതെ ഇതിനു പ്രക്ഷോഭണമൊന്നും ആവശ്യമില്ല. അരാജകത്വമല്ലാത്ത നിലയിൽ ഈ കാര്യമെന്നല്ല എല്ലാകാര്യങ്ങളും സാധിക്കുന്നതിനുള്ള പ്രവർത്തനമാണു സ്വീകരിക്കേണ്ടതു്. ഈയവസരത്തിൽ ഞാൻ ചെറുപ്പത്തിൽ പഠിച്ചുതായ ഒരു കഥയാണു് എനിക്കു ഓർമ്മയിൽവരുന്നതു്. ഒരിക്കൽ സൂര്യനും കാറ്റുംകൂടി ആരാണു് കൂടുതൽ ശക്തിയെന്നറിയുവാൻ ഒരു മത്സരം നടത്തി. സൂര്യൻ പറഞ്ഞു എനിക്കാണു് കൂടുതൽശക്തിയെന്നു്; അല്ല കൂട

LIBRARY ARCHIVES Kerala Legislative Assembly

തൽ ശക്തി എനിക്കാണ്" എന്ന കാറ്റം പറഞ്ഞു. അതു് പരീക്ഷിക്കാൻ തന്നെ നിശ്ചയിച്ചു. അവർ അതു ഒരു യാത്രക്കാരന്റെ മേലാണ് പരീക്ഷണം നടത്തിയതു്. ആദ്യമായി കാറ്റു അതിശക്തിയായി വീശാൻ തുടങ്ങി. കുപ്പായമിട്ടിരുന്ന ആ യാത്രക്കാരനു് കാറ്റിന്റെ ശല്യംനിമിത്തം തണുപ്പു സഹിക്ക വഹിയാതായപ്പോൾ അതിനു മീതേ വേറൊന്നുകൂടി ഇടണമെന്നു തോന്നി. അങ്ങിനെ അയാൾ വിഷമിച്ചിരിക്കുമ്പോൾ ഉടനെതന്നെ സൂര്യൻ തന്റെ സുപ്രതാപശക്തിയോടുംകൂടി പ്രകാശിക്കുവാൻ ഒരുങ്ങി. തന്നിമിത്തം ചൂടു ക്രമേണ വർദ്ധിച്ചു് ഉഷ്ണം അസഹ്യമായി തീരുകയാൽ ആ യാത്രക്കാരൻ വല്ലാതെ വിയത്തൊലിച്ചും, കാറ്റിന്റെ ശക്തികൊണ്ടു തണുത്തുപോയതിനാൽ ഇരട്ടകുപ്പായമിട്ട ആ മനുഷ്യൻ മുമ്പു് അയാൾ ഇട്ടിരുന്ന ഒറ്റ കുപ്പായംതന്നേയും ഊരിയെടുക്കേണ്ടതായിവന്നു. ഇത്രയും കഴിഞ്ഞപ്പോൾ കാറ്റും സൂര്യനുംകൂടി മത്സരിച്ചാൽ ആക്കാണു് ജയമെന്നു് ഇരുകൂട്ടർക്കും ബോദ്ധ്യമായി. ആ തരത്തിലുള്ള പരീക്ഷണങ്ങളും പ്രതാപ പ്രകടനങ്ങളുമെല്ലാം ഈ കാര്യത്തിൽ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ശാന്തമായ ഒരു പ്രവർത്തന പരിപാടിയേ നമുക്കു ആവശ്യമുള്ളൂ. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: സർ, ശ്രീമാൻ കണ്ണൻ അവർകളുടെ പ്രമേയത്തോടു് ഞാനും യോജിക്കുന്നു. എന്നാൽ അവർണ്ണർക്കു മാത്രമല്ല സവർണ്ണരിൽനിന്നു് ഇങ്ങിനെയുള്ള അനുഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. അവർണ്ണ ഹിന്ദുക്കൾക്കു് സവർണ്ണ ഹിന്ദുക്കളിൽനിന്നു് നേരിടുന്ന മാതിരിയുള്ള ചില അനുഭവങ്ങൾ എനിക്കും വന്നിട്ടുള്ളതു് ഇവിടെ പറയാം. ഒരിക്കൽ ഞാനും എന്റെ സ്നേഹിതന്മാരായ മൂന്നുനാലു സവർണ്ണഹിന്ദുക്കളും കൂടി ഒരു സവർണ്ണഹിന്ദുവിന്റെ ചായ പീടികയിൽ ചായ കുടിക്കുവാൻ പോയി. എന്നെ ഒറ്റക്കു് തിരിച്ചു് ഇരുത്തി ചായകുടിക്കുവാനുള്ള വിഷമമോർത്തു് കൂടുകാർ എന്നോടും അകത്തുകയറി ഇരിക്കാമെന്നു് പറഞ്ഞു. ഞാൻ ധൈര്യം അവലംബിച്ചു അകത്തു കയറി ഇരുന്നു. ഉടമസ്ഥൻ ഇതു കണ്ടു എന്നെ പിടിച്ചു പുറത്താക്കി. മഹാത്മാഗാന്ധിയുടെ ജീവചരിത്രം വായിച്ചപ്പോൾ അതിൽ കാണുവാൻ സാധിച്ചതു് ഗാന്ധി കുട്ടിക്കാലത്തു് സ്കൂളിൽ പഠിച്ചിരുന്നപ്പോൾ ഒരു അവർണ്ണ ഹിന്ദു തൊടുവാനിടയായി. ഈ വിവരം ഗാന്ധി അദ്ദേഹത്തിന്റെ അമ്മയോടു ചെന്നു പറഞ്ഞപ്പോൾ, ഒരു മുസ്ലീമിനെ തൊട്ടാൽ നിന്റെ അശുദ്ധി തീരുമെന്നാണു് പറഞ്ഞു". ഇങ്ങിനെ ഗാന്ധിയുടെ അമ്മപോലും ഞങ്ങൾക്കു് പരിശുദ്ധി കല്പിച്ചിട്ടുണ്ടെന്നുള്ള ന്യായവാദം ഞാൻ ആ ചായകടക്കാരനോടു് പറഞ്ഞുനോക്കി. അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. ഞാൻ പുറത്തുതന്നെ പോയിരുന്നു ചായകുടിക്കേണ്ടിവന്നു. പരമാർത്ഥം പറഞ്ഞാൽ അതു എന്റെ ആത്മാഭിമാനത്തെ സ്പർശിച്ചു. ഈ പരിഷ്കൃത കാലത്തുപോലും ഈ മാതിരിയുള്ള നടപടികൾ വെച്ചുകൊണ്ടിരിക്കുന്നതു് ഒരിക്കലും ശരിയല്ല. അതുകൊണ്ടു് ഇങ്ങിനെയുള്ള ദുഷ്യങ്ങളെ ഒരു നിയമംമൂലം നിഷ്കാസനം ചെയ്യണമെന്നുള്ള ഈ പ്രമേയത്തോടു ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ: മിസ്റ്റർ കണ്ണന്റെ പ്രമേയത്തോടു ഞാനും യോജിക്കുന്നു. എന്നിരുന്നാലും ഇതിനോടു പരിപൂർണ്ണമായിട്ടു യോജിക്കുവാൻ കുറച്ചു ബുദ്ധിമുട്ടുണ്ടു്. ഇതിന്റെ വിഷമസ്ഥിതികളെ കുറിച്ചു നോക്കാതെ ഇതു് പാസ്സാക്കിയാൽ അതു ഗവർമ്മെണ്ടിനു് തന്നെ ബുദ്ധിമുട്ടാകും. ലൈസൻസ്സുപ്രകാരമാണു് ഇതെല്ലാം നടത്തി വരുന്നതു്. ലൈസൻസ്സിൽ ഇന്നിന്ന ആളുകൾക്കു മാത്രമേ ക്ഷൌരംചെയ്യുവാൻ പാടുള്ളുവെന്നു് കാണിക്കുവാൻ സാദ്ധ്യമല്ല. പിന്നെ നമ്മുടെ നാട്ടിലുള്ള ഹോട്ടലുകളിലും കാപ്പിക്കുടുകളിലും ആക്ഷേപയാതൊരു ബുദ്ധിമുട്ടുമില്ല. ആരെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ട പറയുന്നുണ്ടോയെന്നു് നോക്കാനായിട്ടു് ഞാൻ കുറെദിവസം ബുദ്ധിമുട്ടിനോക്കി. കൂടാതെ ഇതറിയുവാൻ വേണ്ടി ഞാൻ വേറെ ചില ആളുകളേയും അയച്ചുനോക്കി. ഇവിടെ പറയുന്ന മാതിരിയിലുള്ള യാതൊരു വിഷമതകളും ഞാൻ കണ്ടിട്ടില്ല. നമ്മുടെ മഹാരാജാവു് എല്ലാവർക്കും സ്വാതന്ത്ര്യം വേണമെന്നുള്ള ഉദ്ദേശത്തിലാണു് ചില കല്പനകളെല്ലാം പുറപ്പെടുവിക്കുന്നതു്. മിസ്റ്റർ എം. കെ. രാജസതി ഒരു കല്പന കൊണ്ടു നിർത്തിഎന്നു പറയുകയുണ്ടായി. ഒന്നുംചെയ്യരുതു എന്നാണു്. അതുപോലെ അല്ല ചെയ്യാൻ പറയുന്നതു്. ആ നിലക്കു അമ്പട്ടനോടു് നീ പോയി ആക്കെങ്കിലും ചെരച്ചുകൊള്ളുകയെന്നു് പറയുന്നതു് അവന്റെ പൌരസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒന്നാണു്. ഇതിൽ അങ്ങിനെ ചെരച്ചിട്ടില്ലെങ്കിൽ അവന്റെ ലൈസൻസ്സു് റദ്ദ്ചെയ്യുമെന്നു് പറയുന്നതും കഷ്ടമാണു്. അവന്റെ സ്വാതന്ത്ര്യം എന്തിനാണു് കളയുന്നതു്. എനിക്കു് ഇതു പറയുന്നതുകൊണ്ടു യാതൊരു പേടിയുമില്ല. ഞാൻ ഇതു പറ

LIBRARY ARCHIVES Kerala Legislative Assembly

യുന്നതുകൊണ്ട് എന്റെ മേൽ ഈ കാര്യത്തിൽ ഒരു കുറ്റം ചുമത്തുവാൻ ആർക്കും സാധിക്കുകയില്ല. ഇങ്ങിനെയുള്ള കാര്യങ്ങളിൽ എന്നെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും അറിയാവുന്നതാണ്. ഒരുത്തന്റെ പൌരസ്വാതന്ത്ര്യത്തെ ഹനിക്കുന്ന വിധത്തിൽ നീ പോയി എല്ലാവർക്കും ചെരക്കണമെന്നു് ഒരു നിയമംമൂലം ശാസിക്കുന്നതു് കഷ്ടമാണു്.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ സംഗതിയെ സംബന്ധിച്ചു ഒരു സംഗതിപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു നിയമം മൂലം നിർബ്ബന്ധിക്കുവാൻ പാടില്ലെന്നു പറയുന്നതിൽ വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. മിസ്റ്റർ ഈച്ചരമേനോൻ പറയുന്നു ഇന്നയാൾക്കു ചെരക്കണം എന്നു് എങ്ങിനെയാണു നിർബ്ബന്ധിക്കുന്നതെന്നു്? ഇന്നയാൾക്കു കാപ്പി കൊടുക്കണം, ഊണു വിളമ്പികൊടുക്കണം എന്നു നിർബ്ബന്ധിക്കാൻ നമുക്കു് അധികാരമുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. അതു ചെയ്യാമെങ്കിൽ മറ്റേതും ആവാം. എന്നാൽ ഇന്നിന്നവക്കെല്ലാം ചെരച്ചേ മതിയാകൂ, ഇന്നിന്നവക്കു ഊണു വിളമ്പിയെ മതിയാകൂ എന്നല്ല നമ്മൾ പറയുന്നതു്. മാത്രമല്ല ഇന്ന ജാതിക്കാരനായതുകൊണ്ടു് ഞാൻ ചെരക്കുകയില്ല, ഊണു വിളമ്പികൊടുക്കുകയില്ല, ക്ഷൌരശാപ്പിലും ഹോട്ടലിലും കയറുകയില്ല എന്നു പറയുന്നതെന്നാ ഞങ്ങൾ പറയുന്നതിന്നർത്ഥമുള്ളു. കുഷ്ഠരോഗികൾ ആയാലും ചില വർഗ്ഗത്തിൽപെട്ടവരായാൽ അവർക്കു ചില ക്ഷൌരശാപ്പുകളിൽ പ്രവേശനം അനുവദിക്കുകയും ക്ഷൌരം ചെയ്തുകൊടുക്കുകയും അതേസമയത്തുതന്നെ നല്ല ശുചിയുള്ള അരോഗദൃഢഗാത്രനായ ഒരാൾക്കു് അയാൾ ഒരുപ്രത്യേക ജാതിയിൽ—അധഃകൃതജാതിയിലൊ അവർണ്ണവർഗ്ഗത്തിലൊ—പെട്ടുപോയി എന്ന കാരണത്താൽ പ്രവേശനം നിഷേധിക്കുകയും ചെയ്യുന്നുവെങ്കിൽ ആ അന്യായം തടയേണ്ടതല്ലെ എന്നാണു ഞങ്ങൾ ചോദിക്കുന്നതു്? ഇന്ന ആളെ കൊണ്ടു തന്നെ ക്ഷൌരം ചെയ്യിപ്പിച്ചാലെ മതിയാവുമെന്നൊന്നുമില്ല. ഇതു സവർണ്ണരെ സംബന്ധിച്ചു മാത്രമേയുള്ളുവെന്നു് ഞാൻ വിചാരിക്കുന്നില്ല. താരതമ്യേന എല്ലാ ജാതികളിലും പണ്ടേ ഉള്ളതാണു് ഈ ദുരാചാരം. അരയന്മാരുടേയും തീയ്യരുടേയും കാപ്പി ക്ലബ്ബുകളിൽ പുലയർ ചെന്നാൽ ഒരു പക്ഷെ അവരും അവിടെ അവർക്കു പ്രവേശനം നിഷേധിച്ചുവെന്നുവരാം. ഇതു് വളരെ കാലം മുതൽക്കു് നടപ്പുള്ള ഒരു ദുരാചാരമാണു്. നിയമത്തിന്റെ നിർബ്ബന്ധം കൊണ്ടല്ലാതെ അതു് മാറുവാൻ സാധിക്കുകയില്ല. മാനസികമായിട്ടുള്ള പരിവർത്തനംകൊണ്ടു അതു മാറുമെന്നു് വിചാരിച്ചാൽ വളരെ വിഷമമാണു്. ആ കാലമെല്ലാം കഴിഞ്ഞുപോയി. ഇതു നടപ്പാക്കാൻ പ്രായോഗികമായ എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കേണ്ടതില്ലായെന്നു് ഞാൻ പറയുന്നില്ല. ആ ബുദ്ധിമുട്ടുകളെ ആലോചിച്ചിട്ടു ചെയ്യാൽ മതി. പക്ഷെ ഈ നിർബന്ധം വരണം. നമ്മളാരെങ്കിലും ഒരു ക്ഷൌരശാപ്പിൽ ചെന്നാൽ ഇന്ന ആളായാൽ മാത്രമേ ചെരക്കുകയുള്ളുവെന്നു് പറഞ്ഞാൽ അതിന്നു് എന്താണു് അർത്ഥമുള്ളതു്? ലൈസൻസു്. ശുചീകരണവ്യവസ്ഥകൾ നോക്കിയാണു് നൽകുന്നതു്. അല്ലാതെ എല്ലാവർക്കും ക്ഷൌരം ചെയ്തു കൊള്ളണമെന്ന വ്യവസ്ഥയിലല്ല എന്നാണു ഈച്ചരമേനോന്റെ വാദം. അപ്പോൾ എങ്ങിനെ ഇതു നിർബ്ബന്ധിക്കുമെന്നാണു് അദ്ദേഹത്തിന്നു സംശയം. മനസ്സുണ്ടെങ്കിൽ ഇതിനൊന്നും യാതൊരു ബുദ്ധിമുട്ടുമില്ല. ശുചീകരണവ്യവസ്ഥകളെ അന്യൂനമായി അനുസരിച്ചു് നടത്തുന്ന ചായ ക്ലബ്ബുകൾ എത്രയുണ്ടാകും അതിനാൽ ജാതിയുടെ കാരണം പറഞ്ഞു് ലൈസൻസ്സു റദ്ദുചെയ്യണമെന്നില്ല. വേണ്ടിവന്നാൽ ശുചീകരണകാര്യം പറഞ്ഞുതന്നെ ജാതിപാലന വ്യഗ്രരായ ഹോട്ടൽക്കാരേയും ബാർബർഷാപ്പുകാരേയും പിടിക്കാൻ കഴിവുള്ളപ്പോൾ യാതൊരു ബുദ്ധിമുട്ടും ഇതു നടപ്പാക്കാൻ ഇല്ലെന്നാണു് എന്റെ പക്ഷം. ഇതു നടപ്പാക്കണമെന്നുള്ള ഒരു മനസ്സു് ഉണ്ടാകണമെന്നു മാത്രമേയുള്ളു. വാസ്തവത്തിൽ ഗവൺമെണ്ടിന്റെ നിർബ്ബന്ധം കൂടാതെ ഇതൊന്നും നടപ്പിൽ വരികയില്ല.

റാവുസാഹിബു് കെ. അയ്യപ്പൻ: ഈ നിശ്ചയത്തിലെ ഉദ്ദേശം പൂർണ്ണമായിട്ടും ഗവൺമെണ്ടു് സ്വീകരിച്ചിരിക്കുന്നു. അതായതു് എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിക്കാത്ത കാപ്പിക്ലബ്ബുകൾ, ഹോട്ടലുകൾ എന്നിവകൾക്കു് ലൈസൻസ്സുകൊടുക്കരുതു് എന്നുള്ള തത്വം ഗവൺമെണ്ടു് സ്വീകരിച്ചിരിക്കുന്നു. പക്ഷെ ഇതു് നടപ്പിൽ വരുത്തുവാൻ മുനിസിപ്പൽ ആക്ടിലും പബ്ലിക്കു് ഹെൽത്തു് ആക്ടിലും ഭേദഗതികൾ ചെയ്യേണ്ടിവരും. പിന്നെ ഈ ലൈസൻസ്സുകൊടുത്തവരെ സംബന്ധിച്ചു് എന്തു നടപടി എടുക്കണമെന്നതിനെക്കുറിച്ചു് ആലോചിക്കണം. ഗവൺമെണ്ടു് ഈ പ്രമേയത്തിന്റെ തത്വം സ്വീകരിച്ചിരിക്കുന്നു. പ്രമേയം സ്വീകരിച്ചുവെന്നതന്നെ പറയാം. അതു് നടപ്പിൽ വരുത്തുവാൻ വേണ്ടസമയം തരണമെന്നു് മാത്രമേ പറയുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഇതു് നടപ്പിൽ വരുത്തുവാൻ അധികം താമസം ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

റാവുസാഹിബ് കെ. അയ്യപ്പൻ: ഈ കായ്യം നടപ്പിൽ വരുത്തുന്നതിനു് ഗവൺമെണ്ടിനു് യാതൊരു അമാന്തവുമില്ല.

മിസ്റ്റർ കെ കെ. കണ്ണൻ: സർ, ഇതിനു് വലിയ ഒരു മറുപടി പറയേണ്ടതായ കായ്യമുണ്ടെന്നു് തോന്നുന്നില്ല. വാസ്തവത്തിൽ ഈ വകമാമൂലുകൾ പൂർണ്ണമായി മാറുന്നതിനു് നിയമം ഉപയോഗിക്കാത്തപക്ഷം വളരെകാലത്തെ പരിശ്രമം കൊണ്ടല്ലാതെ മാറാൻ സാധിക്കുകയില്ല. അതുകൊണ്ടാണു് നിയമം മൂലം ഈ വക സംഗതികൾ നടപ്പിൽ വരുത്തണമെന്നു് പറയുന്നതു്. ഉദാഹരണമായി തിരുവിതാംകൂറിൽ ക്ഷ ക്ഷ ക്ഷ-ലാണു് ക്ഷേത്ര പ്രവേശന വിളംബരം ഉണ്ടായതു്.

റാവുസാഹിബ് കെ. അയ്യപ്പൻ: ഗവൺമെണ്ടു് ഇതു് സ്വീകരിച്ചിരിക്കുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: ഞാൻ ഒരു മറുപടി നൽകിപൂർവ്വം സ്വീകരിച്ചിരിക്കുന്നു. തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനം ക്ഷ ക്ഷ ക്ഷ-ൽ നടപ്പിൽ വന്നിട്ടും, അവിടെ ഈ വക സ്ഥാപനങ്ങളിൽ അധഃകൃതർക്കും, പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കും പ്രവേശനം പല സ്ഥലങ്ങളിലും ഇല്ലെന്നുള്ളതു് അനുഭവത്തിൽ നിന്നു് അറിയാവുന്നതാണു്. ഈ വക കായ്യങ്ങൾക്കു് നിയമത്തിന്റെ സഹായവും കൂടിയുണ്ടെങ്കിൽ എളുപ്പത്തിൽ സാധിക്കുമെന്നാണു് ഞാൻ പറയുന്നതു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി അവർകളും ഈ പ്രമേയത്തിന്റെ തത്വം സ്വീകരിച്ചിട്ടുള്ളതുകൊണ്ടും കഴിയുന്നതും വേഗത്തിൽ എല്ലാജാതിക്കാർക്കും ഈ വക സ്ഥാപനങ്ങളിൽ പ്രവേശനം കൊടുക്കത്തക്ക നടപടികളും എടുക്കുമെന്നു് സമ്മതിച്ചിട്ടുള്ളതുകൊണ്ടും ഞാൻ ഈ പ്രമേയം വോട്ടിന്നിടണമെന്നു് വിചാരിക്കുന്നില്ല. ഞാൻ ഇതു് സഭയുടെ അനുവാദത്തോടുകൂടി പിൻവലിച്ചു കൊള്ളുന്നു.

Resolution, by leave, withdrawn

Mr. P. Kumaran Ezhuthassan *(Vadakkancheri):* Is it the intentinn of the chair that we should continue today since there are only five minutes more. I may not be able to finish my speech if I were to move the next resolution which stands in my neme.

Panel Chairman: Then we will adjourn.

The House rose for the day at 4-55 p.m.

N. S. RADHAKRISHNA SARMA,
Secretary to the Council

APPENDIX

(Please see Answer to Question No.32)

Ward	1. No. of houses	2. Rented houses
I	364	78
II	233	76
III	481	159
IV	241	86
V	411	238
VI	225	102
VII	325	168
VIII	343	251
IX	385	234
X	244	149
XI	420	196
XII	480	385
XIII	420	251

LIBRARY ARCHIVES Kerala Legislative Assembly